## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ടസ് ട്രെയിനിംഗ് കോർപ്പറേഷൻ മാർക്കറ്റുചെയ്യുന്ന ഉല്പന്നങ്ങൾ

124 [2600] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രെയിനിംഗ് കോർപ്പറേഷൻ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളാണ് മാർക്കറ്റ് ചെയ്തിരുന്നത്;

(ബി) ഇപ്പോൾ അതു വേണ്ടെന്നു വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്തുവരുന്നു;

(ഡി) അവർക്ക് മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ജോലി കൊടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ടി.ടി.പി.-യുടെ ഉല്പന്നങ്ങളാണ് കെ.എസ്.ഐ.പി.ടി.സി. വിപണനം ചെയ്തിരുന്നത് എന്നത് പരിഗണിച്ച് അവിടത്തെ ജീവനക്കാർക്ക് ടി.ടി.പി.-യിൽ ഉണ്ടാകുന്ന വിപണന വിഭാഗത്തിൽ ജോലി നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ സർക്കാർ കമ്പനികൾ ഉല്പാദിപ്പിക്കുന്ന വ്യാവസായിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ എന്ന സ്ഥാപനം രൂപീകരിച്ചത്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഉല്പാദിപ്പിക്കുന്ന അനറ്റേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് മാത്രമാണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ മാർക്കറ്റ് ചെയ്തിരുന്നത്.

(ബി) 2003 മാർച്ച് 7-ാം തീയതി മുതൽ ട്രാവൻകൂർ ടൈറ്റാനിയം ഉല്പന്നങ്ങൾ വില്പന നടത്തുന്നതിൽനിന്നും കെ.എസ്.ഐ.പി.ടി.സി.-യെ ഒഴിവാക്കിയിട്ടുണ്ട്. രാജ്യാന്തര വിപണിയിൽ ടൈറ്റാനിയം വ്യവസായത്തിനുണ്ടായിട്ടുള്ള മാന്ദ്യവും ഇന്ത്യയിലേക്ക് ചൈനയിൽനിന്നും മറ്റും വൻതോതിൽ ടൈറ്റാനിയം ഡയോക്സൈഡ് ഇറക്കുമതി നടത്തിവരുന്നതുംമൂലം ടി.ടി.പി.-യുടെ ഉല്പന്നങ്ങളുടെ വില്പനയിൽ ഇടിവുണ്ടായി. വിപണനത്തിൽ വന്ന സാരമായ കുറവുമൂലം കഴിഞ്ഞ രണ്ടു വർഷങ്ങളായി ടി.ടി.പി.-യിൽ കോടിക്കണക്കിനു വിലമതിക്കുന്ന ഉല്പന്നങ്ങൾ കെട്ടിക്കിടക്കുകയും തന്മൂലം ഉല്പാദനം ഗണ്യമായി വെട്ടിക്കുറയ്ക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തിൽ ഉല്പന്നവില മത്സരക്ഷമതയുള്ളതാക്കാനായിട്ടാണ് ടി.ടി.പി.-ക്ക് നേരിട്ട് വിപണനാനുമതി നൽകുവാൻ തീരുമാനമെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാനേജ്മെന്റ് സ്റ്റാഫടക്കം 18 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ഡി, ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.

## കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ

125 [2601] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ പ്രോജക്ട് മാനേജരുടെ തസ്തിക എന്നാണ് സൃഷ്ടിച്ചത്;

(ബി) പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണത്തിൽ പ്രോജക്ട് മാനേജരുടെ ശമ്പളസ്കെയിൽ നിശ്ചയിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾ, പ്രോജക്ട് മാനേജർ വാങ്ങുന്ന ശമ്പള സ്കെയിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ കോർപ്പറേഷനിലെ പ്രോജക്ട് മാനേജർ തസ്തിക സൃഷ്ടിച്ചതിലും ശമ്പളം നൽകുന്നതിലും അഴിമതിയും നിയമരാഹിത്യവും ഉണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കോർപ്പറേഷന്റെ 31-ാം ഭരണസമിതിയുടെ 367-ാം തീരുമാനപ്രകാരം റീജിയണൽ ഓഫീസറുടെ തസ്തിക അപ്ഗ്രേഡ് ചെയ്ത് പ്രോജക്ട് മാനേജർ തസ്തിക സൃഷ്ടിച്ചു. ആയത് 30-11-1998-ലെ ജി.ഒ. (ആർടി.) 1102/98/ഐ.ഡി. പ്രകാരം സർക്കാർ സാധൂകരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള കോർപ്പറേഷന്റെ സർവ്വീസ് ചട്ടപ്രകാരം താഴെപ്പറയുന്നവയാണ് ഈ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയും നിയമനരീതിയും. പ്രധാനമായും റീജിയണൽ മാനേജരുടെ പ്രമോഷൻ തസ്തികയായിട്ടാണ് പ്രോജക്ട് മാനേജർ തസ്തിക നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ യോഗ്യത മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ എൻജിനീയറിംഗ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ കൂടാതെ ബന്ധപ്പെട്ട മേഖലയിൽ 10 വർഷത്തെ പ്രവൃത്തി പരിചയം/റീജിയണൽ ഓഫീസറായി 10 വർഷത്തെ സേവനം. ഇവരുടെ അഭാവത്തിൽ നേരിട്ട് നിയമനം നടത്താം. അതിനു യോഗ്യത ഇനി പറയുംപ്രകാരമാകുന്നു:

മെക്കാനിക്കൽ/ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ എൻജിനീയറിംഗിൽ ബിരുദവും 10 വർഷം പരിചയവും അല്ലെങ്കിൽ മേൽപ്പറഞ്ഞ ട്രേഡുകളിൽ ഏതെങ്കിലും ഡിപ്ലോമയും 15 വർഷത്തെ പരിചയവും. തസ്തികയുടെ ഇപ്പോളത്തെ ശമ്പളസ്കെയിൽ 10000-15150 ആണ്.

LIBRARY ARCHIVES Kerala Legislative Assembly